Malappuram District Police

## 09.07.2017 പൂക്കോട്ടുംപാടം

സാമ്പത്തികത്തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ യുവാവിനെ അറസ്റ്റ്ചെയ്തു. ഉള്ളാട് കോട്ടാട്ടിൽ മുഹമ്മദ് അമീനെ (42)ആണ് എസ്.ഐ. അമൃത് രംഗൻ അറസ്റ്റ്ചെയ്തത്. വട്ടപ്പാടം സ്വദേശിനിയുടെ വീട് നിർമാണം കരാറെടുത്ത് പൂർത്തിയാക്കാതെ മുഴുവന് പണവും വാങ്ങി കബളിപ്പിച്ചുവെന്ന പരാതിയിലാണ് അറസ്റ്റ്. ഇടപാടിനുശേഷം ഡൽഹിയിലേക്കും തുടർന്ന് കണ്ണൂരിലേക്കും കടന്നുകളഞ്ഞ പ്രതിയെ പിന്നീട് അറസ്റ്റ് ചെയ്യുകയായിരുന്നു. പൂക്കോട്ടുംപാടത്ത് ഗൃഹോപകരണങ്ങൾ തവണ വ്യവസ്ഥയിൽ നൽകുന്ന സ്ഥാപനം നടത്തിയിരുന്നു. ഇതിൽ ഉൾപ്പെട്ട പലർക്കും ഉപകരണങ്ങൾ ലഭിച്ചില്ലെന്ന പരാതിയുമുണ്ട്. സ്ഥലക്കച്ചവടവുമായി ബന്ധപ്പെട്ടും നിരവധി പേർക്ക് പണം നൽകാനുണ്ടെന്നാണ് സൂചന. പ്രതി അറസ്റ്റിലായതറിഞ്ഞ് നിരവധിപേരാണ് പരാതിയുമായി സ്റ്റേഷനിലെത്തുന്നത്. കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.